REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 15-07-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ഒഡീഷയിലെ റാവൻഷാ സർവകലാ ശാലയുടെ പതിമൂന്നാം വാർഷിക ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.**
- **ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പടെ ആക്സിയം-4 ദൗത്യ സംഘം ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നോടെ തിരിച്ചെത്തും.**
- **പാലക്കാട്ട് നിപ റിപ്പോർട്ട് ചെയ്ത രണ്ടാമത്തെ വ്യക്തിയുടെ സമ്പർക്ക പട്ടികയിൽ 112 പേർ ഉൾപ്പെട്ടതായി മന്ത്രി വീണാ ജോർജ്.**
- **സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. മലപ്പുറം മുതൽ കാസർഗോഡ് വരെ അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത .**
- **ലോർഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ഇംഗ്ലണ്ടിനോട് 22 റൺസിന് പരാജയപ്പെട്ടു.**

## വാർത്തകൾ വിശദമായി

ഒഡീഷയിൽ രണ്ട് ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് റാവൻഷാ സർവകലാശാലയുടെ പതിമൂന്നാം വാർഷിക ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. തുടർന്ന് കട്ടക്കിലെ റാവൻഷാ ഗേൾസ് ഹൈസ്കൂളിന്റെ മൂന്ന് കെട്ടിടങ്ങൾക്കും രാഷ്ട്രപതി തറക്കല്ലിടും. ഒഡിയ കവി സരള ദാസിന്റെ ജന്മവാർഷിക ആഘോഷത്തിൽ പങ്കെടുക്കുന്ന അവർ 2024-ലെ കലിംഗ രത്ന അവാർഡ് സമ്മാനിക്കും.

✪✪✪

ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ല ഉൾപ്പടെ ആക്സിയം-4 ദൗത്യ സംഘം ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് മൂന്നോടെ ഭൂമിയിൽ തിരിച്ചെത്തും. US ലെ കാലിഫോർണിയ തീരത്ത് ശാന്തസമുദ്രത്തിൽ പേടകം സ്പ്ലാഷ് ലാൻഡിംഗ് നടത്താനാണ് നാസയുടെ തീരുമാനം. സംഘം ഇന്നലെ ഭ്രമണപഥത്തിലെ ബഹിരാകാശ നിലയത്തിൽ നിന്ന് SpaceX ഡ്രാഗണിലാണ് യാത്ര തിരിച്ചത്.

18 ദിവസത്തെ ബഹിരാകാശ വാസത്തിനിടെ ഇന്ത്യയ്ക്ക് വേണ്ടി പ്രത്യേകമായി ഏഴ് പരീക്ഷണങ്ങൾ ശുഭാംശു ശുക്ല നടത്തി. കഴിഞ്ഞ മാസം 25 നാണ് ആക്സിയം-4 ദൗത്യത്തിന്റെ ബഹിരാകാശ യാത്ര ആരംഭിച്ചത്.ബഹിരാകാശത്തേക്ക് പോകുന്ന രണ്ടാമത്തെ ഇന്ത്യക്കാരനാണ് ഗ്രൂപ്പ് ക്യാപ്റ്റൻ ശുക്ല.

✪✪✪

എയർലൈൻസ് കമ്പനികൾ ബോയിംഗ് -787, 737 വിമാനങ്ങളുടെ ഇന്ധനസ്വിച്ച് ലോക്കിംഗ് സംവിധാനം ഈ മാസം 21 നകം പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തണമെന്ന് സിവിൽ വ്യോമയാന മന്ത്രാലയം നിർദ്ദേശം നൽകി. ബോയിംഗ് വിമാനങ്ങളുടെ ഇന്ധന നിയന്ത്രണസംവിധാനത്തിൽ പരിശോധനയ്ക്ക് 2018 ൽ അമേരിക്കയുടെ ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ നിർദ്ദേശം നൽകിയിരുന്നു. അഹമ്മദാബാദ് വിമാന ദുരന്ത പശ്ചാത്തലത്തിലാണ് വ്യോമയാന വകുപ്പിന്റെ നടപടി.

✪✪✪

ഇന്ത്യയിലെ രണ്ടാമത്തെ വലിയ കേബിൾ സ്റ്റേ പാലം കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി കർണാടകയിലെ ശിവമോഗ ജില്ലയിലെ സാഗറിൽ നാടിന് സമർപ്പിച്ചു. ശരാവതി കായലിന് മുകളിലാണ് സാഗരയ്ക്കും, മാരകുടിഗയ്ക്കും ഇടയിൽ 2,440 മീറ്റർ പാലം നിർമ്മിച്ചത്. സാഗരയ്ക്കും സിഗന്തൂരിനുമിടയിലെ ദൂരം ഗണ്യമായി കുറയ്ക്കുന്നതാണ് പുതിയ പാലം.

✪✪✪

പാലക്കാട്ട് നിപ റിപ്പോർട്ട് ചെയ്ത രണ്ടാമത്തെ വ്യക്തിയുടെ സമ്പർക്ക പട്ടികയിൽ 112 പേർ ഉൾപ്പെട്ടിരിക്കുന്നതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. രോഗിയുടെ വിവരങ്ങൾ ശേഖരിച്ച് റൂട്ട് മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. മേഖലയിൽ കണ്ടൈൻമെന്റ് സോൺ പ്രഖ്യാപിച്ച് ഫീൽഡ്തല പ്രവർത്തനങ്ങളും പനി നീരീക്ഷണവും ശക്തമാക്കി.

സംസ്ഥാനത്ത് മൊത്തം 609 പേരാണ് നിപ സമ്പർക്കപ്പട്ടികയിൽ ഉൽപ്പെട്ടിരിക്കുന്നത്. മലപ്പുറം ജില്ലയിൽ 207 പേരും, പാലക്കാട് 286 പേരും, കോഴിക്കോട് 114 പേരും എറണാകുളത്ത് രണ്ടു പേരുമാണ് സമ്പർക്കപ്പട്ടികയിൽ.

മലപ്പുറത്ത് എട്ട് പേർ ICU ചികിത്സയിലാണ്. പാലക്കാട് ജില്ലയിൽ അഞ്ച് പേർ ഐസൊലേഷൻ ചികിത്സയിൽ കഴിയുന്നുണ്ടെന്നും തിരുവനന്തപുരത്ത് ഉന്നതതല അവലോകന യോഗത്തിനു ശേഷം മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് നിപ വീണ്ടും റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അനാവശ്യ ആശുപത്രി സന്ദർശനങ്ങൾ ഒഴിവാക്കണമെന്ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. KK രാജാറാം നിർദ്ദേശിച്ചു. ആശുപത്രിയിലെ രോഗിയ്ക്കൊപ്പം സഹായിയായി ഒരാൾ മാത്രം നിന്നാൽ മതിയെന്നും DMO അറിയിച്ചു. ആരോഗ്യ പ്രവർത്തകരും , രോഗികളും, കൂട്ടിരിപ്പുകാരും മാസ്ക് ധരിക്കണം. ആശുപത്രി സന്ദർശനത്തിന് ശേഷം കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയാക്കണമെന്നും DMO ആവശ്യപ്പെട്ടു.

✪✪✪

അമേരിക്കയിലെ ഒരാഴ്ചത്തെ ചികിത്സക്ക് ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് മടങ്ങിയെത്തി. പുലർച്ചെ വിമാനത്താവളത്തിൽ മുഖ്യമന്ത്രിയെ ഉന്നത ഉദ്യോഗസ്ഥർ സ്വീകരിച്ചു.

ഈ മാസം അഞ്ചിനാണ് മുഖ്യമന്ത്രി ചികിത്സക്കായി US ലേക്ക് പോയത്.

✪✪✪

കീം പരീക്ഷ റാങ്ക് ലിസ്റ്റ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവിനെതിരെ സമർപ്പിച്ച ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിച്ചേക്കും. പുതുക്കിയ റാങ്ക് പട്ടികക്കെതിരെ കേരള സിലബസ് വിദ്യാർഥികൾ നൽകിയ ഹർജിയും, CBSE വിദ്യാർഥികളുടെ തടസ്സ ഹർജികളും സുപ്രീം കോടതി പരിഗണിച്ചേക്കും.

✪✪✪

ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ് പൊതുമേഖലയിൽ നിലനിർത്താൻ നിയമനടപടി തുടരുമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് അറിയിച്ചു. കമ്പനിയെ സ്വകാര്യ ഏജൻസികൾക്ക് വിട്ടുകൊടുക്കാൻ അനുവദിക്കില്ലെന്നും തൊഴിലാളികളുടെയും ജനങ്ങളുടെയും പിന്തുണയോടെ നീക്കം ചെറുക്കുമെന്നും മന്ത്രി പറഞ്ഞു.

തുല്യപങ്കാളിയായ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം തേടാതെ നാഷണൽ കമ്പനി ലോ ട്രൈബ്യൂണലാണ് കമ്പനി സ്വകാര്യ ഏജൻസിയ്ക്ക കൈമാറാൻ ഉത്തരവിട്ടത്. ഇതിനെതിരെ ഗവൺമെന്റ് അപ്പീൽ നൽകിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, വടകര താലൂക്കുകളിലെ പട്ടയ വിതരണം രാവിലെ ഇരിങ്ങൽ സർഗാലയ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ മന്ത്രി K. രാജൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

കോഴിക്കോട്, താമരശ്ശേരി താലൂക്കുകളിലെ പട്ടയ വിതരണം നാളെ കോവൂർ P കൃഷ്ണപിള്ള ഓഡിറ്റോറിയത്തിലാണ്.

ബേപ്പൂർ പുലിമുട്ട് ഭാഗത്ത് താമസിക്കുന്ന ഏഴ് കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാൻ ഇന്നലെ കലക്ട്രേറ്റിൽ ചേർന്ന കോർപ്പറേഷൻതല ഭൂമിപതിവ് കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മലപ്പുറം മുതൽ കാസർഗോഡ് വരെ അഞ്ചു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ച വരെ മീൻപിടുത്തത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട് .

✪✪✪

കൊല്ലം കുലശേഖരപുരം പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ നിർമ്മിച്ച വീടുകളുടെ താക്കോൽ ദാനം മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. 423 വീടുകളാണ് നിർമ്മിച്ചത്.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ, ലോർഡ്സിൽ ഇംഗ്ലണ്ടിന് 22 റൺസ് വിജയം. ഇതോടെ ആൻഡേഴ്സൺ ടെൻഡുൽക്കൽ ട്രോഫി അഞ്ചു മത്സര ക്രിക്കറ്റ് മാച്ചിൽ രണ്ട് മത്സരം ജയിച്ച് ഇംഗ്ലണ്ട് മുന്നിട്ടു നിൽക്കുകയാണ്. 193 റൺസ് വിജയലക്ഷ്യവുമായി ബാറ്റു ചെയ്ത ഇന്ത്യ, 170 റൺസിന് പുറത്താവുകയായിരുന്നു. ഈ മാസം 23 മുതൽ 27 വരെ മാഞ്ചസ്റ്ററിലാണ് നാലാം ടെസ്റ്റ്.

✪✪✪

ഫിഡെ വനിതാ ലോകകപ്പ് ചെസിൽ ഇന്ത്യയുടെ R വൈശാലിയും, ഹരിക ദ്രോണവല്ലിയും പ്രീക്വാർട്ടറിൽ പ്രവേശിച്ചു. കൊനേരു ഹംപിയും, ദിവ്യ ദേശ്മുഖും നേരത്തെ തന്നെ പ്രീക്വാർട്ടർ യോഗ്യത നേടിയിരുന്നു.

✪✪✪

ഉയർന്ന മരുന്നു വില മൂലം ചികിത്സ പാതിവഴി ഉപേക്ഷിക്കേണ്ടി വരുന്ന അർബുദ രോഗികൾക്ക് ആശ്വാസമാവുകയാണ് കാസർഗോഡ് ജില്ലയിലെ കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റിക്യാൻസർ ഡ്രഗ്സ് കൗണ്ടറുകൾ.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി P ജഗന്നിവാസൻ...

...വോയിസ്...

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സജ്ജീകരിച്ച ഓൺലൈൻ സേവന കേന്ദ്രവും ഹെൽപ്പ് ഡെസ്കും മലപ്പുറം വൈലത്തൂരിൽ ചെയർമാൻ ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് ഉദ്ഘാടനം ചെയ്തു . സംസ്ഥാനത്ത് ഇത്തരം 300 കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

✪✪✪

വ്യോമയാന മേഖലയിലെ വനിതാ ജീവനക്കാർ തങ്ങൾ നേരിടുന്ന പ്രശ്നങ്ങളിൽ സംസ്ഥാന വനിതാ കമ്മീഷൻ നാളെ ഉച്ചയ്ക്ക് ഹിയറിംഗ് സംഘടിപ്പിക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലാണ് ഹിയറിംഗ്. കമ്മീഷൻ ചെയർപേഴ്സൺ P. സതീദേവി ഉദ്ഘാടനം ചെയ്യും.

കമ്മീഷൻ അംഗങ്ങളായ എലിസബത്ത് മാമൻ മത്തായി, ഇന്ദിര രവീന്ദ്രൻ, V.R മഹിളാമണി, P കുഞ്ഞായിഷ തുടങ്ങിയവർ സിറ്റിംഗിൽ പങ്കെടുക്കും.

✪✪✪

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരം നേരിടാൻ സർവ്വകലാശാല പൊലീസ് സംരക്ഷണം ആവശ്യപ്പെട്ടു. ക്യാമ്പസിലെ അച്ചടക്കം ഉറപ്പാക്കാനും, ലഹരി മുക്തമാക്കാനും നൽകിയ ഉത്തരവിനെതിരെ ഒരു വിഭാഗം വിദ്യാർത്ഥികൾ സമരം ചെയ്യുകയാണെന്ന് കാണിച്ചാണ് സർവകലാശാല പരാതി നൽകിയത്.

സർവ്വകലാശാലയ്ക്കും ജീവനക്കാർക്കും പോലീസ് സംരക്ഷണം നൽകണമെന്നും, രാത്രി 11ന് മുഖ്യ കവാടങ്ങളും ഹോസ്റ്റൽ കവാടങ്ങളും

അടയ്ക്കാൻ പൊലീസ് ഇടപെടണമെന്നുമാണ് രജിസ്ട്രാർ കത്തിലൂടെ പൊലീസിനോട് ആവശ്യപ്പെട്ടിരിക്കുന്നത്.

✪✪✪

മാർ ഇവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് ദേവാലയത്തിൽ ഇന്ന് സമാപിക്കും. മെത്രാപൊലീത്തയുടെ 72-ാമത് ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് റാന്നി - പെരുന്നാട്ടിൽ നിന്നടക്കം സ്ഥലങ്ങളിൽ നിന്ന് എത്തിയ തീർത്ഥാടക സംഘങ്ങൾ ഇന്നലെ വൈകിട്ട് കബറിൽ പ്രവേശിച്ചു. കബറിടത്തിൽ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ സംഘങ്ങളെ സ്വീകരിച്ചു.

ഇന്ന് രാവിലെ ആർച്ചുബിഷപ്പ് പോൾ ഗല്ലഗർ തിരുമേനിക്ക് ദേവാലയത്തിൽ വരവേൽപ്പ് നൽകും

✪✪✪

കോഴിക്കോട് മെഡിക്കൽ കോളജിന്റെ പുരോഗതി സംസ്ഥാന ഗവൺമെന്റ് തകർക്കുകയാണെന്ന് ആരോപിച്ച് മുസ്ലീം ലീഗ് രാവിലെ പ്രക്ഷോഭ സംഗമം നടത്തും. മെഡിക്കൽ കോളജിന് മുമ്പിലെ സംഗമം സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം ഉദ്ഘാടനം ചെയ്യും.

✪✪✪

മഞ്ചേരി മെഡിക്കൽ കോളജ് കെട്ടിടത്തിന്റെ ജനൽപ്പാളി വീണ് രണ്ട് നഴ്സിങ് വിദ്യാർത്ഥികൾക്ക് പരുക്കേറ്റു. ഇവരുടെ പരിക്ക് ഗുരുതരമല്ലെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. ശക്തമായ കാറ്റിൽ ഇരുമ്പു ജനൽപ്പാളി ക്ലാസ് മുറിയിലേക്ക് വീണായിരുന്നു അപകടം.

✪✪✪

കണ്ണൂരിൽ കോൺഗ്രസ് സമരസംഗമം റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകനെ കയ്യേറ്റം ചെയ്ത നടപടിയിൽ കേരള പത്രപ്രവർത്തക യൂണിയൻ കണ്ണൂർ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. റിപ്പോർട്ടർ TV യിലെ അർജ്ജുൻ കല്യാടിനെയാണ് ഒരു സംഘം കയ്യേറ്റം ചെയ്തത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സയ്യിദ് അലി ശിഹാബ് തങ്ങൾ*
*DEO : ഷീബ*